(b) to which all Municipalities were the loans granted during the year; and

(c) is there any balance left under the head "Loans to Municipalities ?"

Minister for Local Self Government (SHRI K. KOCHUKUTTAN):

(a) Rs. 22,89,000.
(b) Municipalities of Parur, Alwaye and Trichur.
(c) Yes

മണ്ണൊലിപ്പു നിവാരണപദ്ധതി.

* 182. [27] ശ്രീ. എ. സി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) Anti Soil erosion പണി ഏതു നടത്തുന്നതിനു് ഇപ്പോൾ എത്ര തൊഴിലാളികൾ പണി എടുക്കുന്നുണ്ടു് ;

(ബി) ഇപ്പോൾ എവിടെയാണു് പണികൾ നടത്തുന്നതു് ;

(സി) ഈ ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനം തൃപ്തികരമാണെന്നു് ഗവണ്മെൻറിനു് ബോദ്ധ്യം വന്നിട്ടുണ്ടോ ;

(ഡി) ഈ പദ്ധതി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ആരോഗ്യകാര്യമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) മണ്ണൊലിപ്പുനിവാരണപദ്ധതിയിൽ ഇപ്പോൾ 250 തൊഴിലാളികൾ പണിയെടുക്കുന്നുണ്ടു്.

(ബി) മുകന്ദപുരം താലൂക്കിൽ വെറിലപ്പാറ എന്ന സ്ഥലത്താണു് ഇപ്പോൾ പണി നടത്തുന്നതു്.

(സി) തൃപ്തികരമാണെന്നാണു് ഗവണ്മെൻറിന്റെ ബോദ്ധ്യം.

(ഡി) ഉവ്വു്.

വനസംരക്ഷണം.

* 183. [28] ശ്രീ. എ. സി. ചാക്കോ: താഴെ കാണുന്ന ചോദ്യത്തിനു് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

1955-56 വർഷത്തിൽ വർക്കിംഗ് പ്ലാൻ അനുസരിച്ചു് ഏതു സ്ഥലത്തു് വനസംരക്ഷണം നടത്തിയിട്ടുണ്ടു് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ ജോൺ):

2201 ചതുരശ്രമൈൽ സ്ഥലത്തു് വനസംരക്ഷണം നടത്തിയിട്ടുണ്ടു്.

Industrial Institutions.

* 184. [31] SHRI A. A. D. LUIZ : Will the Minister for Finance and Home Affairs be pleased to state : The total amount of advances made to Industrial Institutions in this state ?

LIBRARY ARCHIVES Kerala Legislative Assembly